കേരള സർക്കാർ

# .വാളകം ഗ്രാമപഞ്ചായത്ത്

## 2016-17
## ഓഡിറ്റ് റിപ്പോർട്ട്

.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.ksad.kerala.gov.in
e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത് കൈപ്പറ്റ് ചീട്ട് സഹിതം)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്- 682030
ഫോൺ 0484 2422271
email:doekm.ksad@kerala.gov.in

നം.കെ.എസ്.എ.-ഇ കെ എം(പി.14)1908/17

തീയതി – 29.11.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് ,
വാളകം ഗ്രാമ പഞ്ചായത്ത്
(സെക്രട്ടറി മുഖേന)

സർ,

വിഷയം: വാളകം ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വാളകം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

.
ഈ റിപ്പോർട്ടിലെ ഭാഗം 2 ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3 ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

.
ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

.
ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

.
റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

.

വിശ്വസ്തതയോടെ,

.
ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ,എറണാകുളം.
3)കാര്യാലയ പകർപ്പ്.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്- 682030
ഫോൺ 0484 2422271
email:doekm.ksad@kerala.gov.in

നം.കെ.എസ്.എ.-ഇ കെ എം(പി.14)1908/17

തീയതി – 29.11.2017

**എറണാകുളംജില്ലയിലെ വാളകം ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.**

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

എറണാകുളം ജില്ലയിലെ വാളകം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുക യുണ്ടായി. പഞ്ചായത്ത് 1.1.2017 മുതൽ 31.3.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചിട്ടുണ്ട്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടു ണ്ട്. ഇതിൽ 14 ഓഡിറ്റ് എൻക്വയറികൾ നൽകിയതിൽ 13 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്കുള്ള മറുപടി പരിഗണിച്ച ശേഷമാണ് പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന്ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | എസ്. വിജയകുമാർ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റ് നടത്തിയ തിയതി | 27.9.2017 മുതൽ 7.10.2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
| പേര് | ഉദ്യോഗപ്പേര് |
| ശ്രീ.അജിതൻ ടി.എൻ. | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| ശ്രീമതി ഉമ ജി. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ രാജീവ് ആർ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ അനീഷ് ആർ | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | പേര് | കാലയളവ് | |
|---|---|---|---|
| പ്രസിഡന്റ് | ശ്രീമതി ലീല ബാബു | 1.4.2016 | 31.3.2017 |
| വൈസ് പ്രസിഡന്റ് | ശ്രീ എൽദോ ഉലഹന്നാൻ | 1.4.2016 | 31.3.2017 |
| സ്റ്റാൻറിംഗ് കമ്മറ്റി ചെയർ പേഴ്സൺസ് | | | |
| വികസന കാര്യം | ശ്രീമതി സുജാത സതീശൻ | 1.4.2016 | 31.3.2017 |
| ക്ഷേമകാര്യം | ശ്രീ പി.എ. രാജു | 1.4.2016 | 31.3.2017 |
| വിദ്യാഭ്യാസം & ആരോഗ്യകാര്യം | ശ്രീമതി ഷീല മത്തായി | 1.4.2016 | 31.3.2017 |
| സെക്രട്ടറി | ശ്രീ കെ.ജെ. ജോയ് | 1.4.2016 | 8.7.2016 |
| | ശ്രീമതി എം.എം. സുബൈദ,അസിസ്റ്റന്റ് സെക്രട്ടറി (അധിക ചുമതല) | 9.7.2016 | 27.7.2016 |
| | ശ്രീമതി അനിമോൾ കെ. | 28.7.2016 | 20.1.2017 |

| | | | |
|---|---|---|---|
| | ശ്രീമതി എം.എം. സുബൈദ | 21.1.2017 | 31.3.2017 |
| അസിസ്റ്റന്റ് സെക്രട്ടറി ( 24.12.2016 to 5.1.2017ഒഴിവ്) | ശ്രീമതി എം.എം. സുബൈദ | 1.4.2016 | 23.12.2016 |
| | ശ്രീമതി സാലിമ്മ തോമസ് | 6.1.2017 | 31.3.2017 |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| അസിസ്റ്റന്റ് സർജൻ (പ്.എച്ച്.സി) | ഡോ.ജയൻ എ.എ. | 1.4.2016 | 31.3.2017 |
| ചീഫ് മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. ബീന വർഗ്ഗീസ് | 1.4.2016 | 31.3.2017 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. മഞ്ജുള കെ,എൻ. | 1.4.2016 | 31.3.2017 |
| സീനിയർ വെറ്ററിനറി സർജൻ | ഡോ.കവിത പി.വി | 1.4.2016 | 13.4.2016 |
| | ഡോ.കെ.ജെ. സുധീർ ഖാൻ | 14.4.2016 | 30.9.2016 |
| | ഡോ. ഷാജി പൗലോസ് | 1.10.2016 | 31.3.2017 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി സൂസമ്മ സി.ഡി. | 1.4.2016 | 31.3.2017 |
| വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ () | ശ്രീമതി സ്മിത എസ്. | 1.4.2016 | 31.3.2017 |
| വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ () | ശ്രീമതി സ്മിത എസ്. | 1.4.2016 | 28.6.2016 |
| | ശ്രീമതി സൈനമ്മ പി.ടി. | 29.6.2016 | 15.12.2016 |
| | ശ്രീമതി സ്മിത എസ്. | 16.12.2016 | 9.1.2017 |
| | ശ്രീമതി നീതു കെ. വിദ്യൻ | 10.1.2017 | 31.3.2017 |
| കൃഷി ഓഫീസർ | ശ്രീമതി മേരിമോൾ ജേക്കബ് | 1.4.2016 | 6.1.2017 |
| | ശ്രീ രാജു പി.എൻ (അധിക ചുമതല) | 7.1.2017 | 29.1.2017 |
| | ശ്രീമതി ആര്യശ്രീ എസ്.എൽ | 30.1.2017 | 31.3.2017 |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ ബേസിൽ മാത്യു | 1.4.2016 | 21.8.2016 |
| | ശ്രീമതി ജിഷ പി.ജെ. | 22.8.2016 | 31.8.2016 |
| | ശ്രീ ബേസിൽ മാത്യു | 1.9.2016 | 7.9.2016 |
| | ശ്രീ സാം മാത്യു സാബു | 8.9.2016 | 31.3.2017 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ പൗലോസ് | 1.4.2016 | 31.3.2017 |
| ഹെഡ്മാസ്റ്റർ , GLPS | ശ്രീ ടി.കെ. വിജയകുമാർ | 1.4.2016 | 2.6.2016 |
| | ശ്രീമതിറംലത്ത് ബീഗം | 3.6.2016 | 31.3.2017 |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം | 1-6 | |
| 7 | തനത് വരുമാനം | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വേരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| | ഭാഗം 2 | | |
| 12 | റോഡ് റെസ്റ്റോറേഷൻ ചാർജ് ഈടാക്കിയതിൽ കുറവ് | 2-1 | |
| 13 | ഉപയോഗക്രമം മാറ്റി വസ്തുനികുതി നിർണ്ണയിച്ചു | 2-2 | |
| 14 | തൊഴിൽനികുതി ഈടാക്കിയതിൻ കുറവ് | 2-3 | |
| 15 | ധനകാര്യ പത്രികയിലെ ന്യൂനതകൾ | 2-4 | |
| | ഭാഗം- 3 | | |
| 16 | വിദ്യാഭ്യാസ ഗുണനിലവാരം ഉയർത്തൽ പദ്ധതി - ന്യൂനതകൾ | 3-1 | |
| 17 | സെക്രട്ടറി നടപ്പാക്കിയ പ്രോജക്ടുകൾ- പൂർത്തികരണ സർട്ടിഫിക്കറ്റ് ലഭിക്കാത്തത്, സെന്റേജ് ചാർജ്ജ് അധികം നൽകിയത്. | 3-2 | |
| 18 | മോട്ടോർ അറ്റകുറ്റ പണി തുക തിരികെ ഈടാക്കിയില്ല | 3-3 | |
| 19 | തെരുവ് ടാപ്പുകളുടെ വാട്ടർ ചാർജ് | 3-4 | |
| 20 | എസ്.സി. വിദ്യാർത്ഥികൾക്ക് പഠനമുറി- പദ്ധതി നടപ്പാക്കിയതിലെ ന്യൂനതകൾ | 3-5 | |
| 21 | മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല. | 3-6 | |
| | ഭാഗം 4 പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 22 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 23 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 24 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 25 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 26 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 27 | ഓഡിറ്റ് റിക്കവറി | 4-6 | |
| 28 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 29 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |

| | | | |
|---|---|---|---|
| 30 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |
| 31 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം.1 | |
| 32 | ബാലൻസ് ഷീറ്റ് | അനുബന്ധം.2 | |
| 33 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം.3 | |
| 34 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം.4 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1. ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 03.03.16 ലെ പഞ്ചായത്ത് സമിതി തീരുമാനം 1(2) പ്രകാരം അംഗീകരിച്ചു . ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 100012000 | 99258000 |
| വാർഷിക കണക്ക് പ്രകാരം (വരവു ചെലവു പത്രിക പ്രകാരം) | 52867820 | 52127518 |

ഇ.എഫ്.എം.എസ് മുഖേന MGNREGS, Bഫണ്ട് എന്നീ ഇനങ്ങളിൽ നടന്നിട്ടുള്ള യഥാക്രമം 1.03 കോടി രൂപയുടെയും 2.21 കോടി രൂപയുടെയും വരവുചെലവുകൾ വരവു ചെലവു പത്രിക പ്രകാരമുള്ള വാർഷിക കണക്കിൽ ഉൾപ്പെടുന്നില്ല. ഇവയുൾപ്പെടെയുള്ള കണക്കു നോക്കിയാൽ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവുചെലവുകളും യഥാർത്ഥ വരവുചെലവുകളും തമ്മിൽ വലിയ വ്യത്യാസം ഇല്ല.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.7.2017 | 17.07.17 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

വാർഷിക കണക്കുകൾ പരിശോധിച്ചതിൽ ചില ന്യൂനതകൾ ഉള്ളതായി ശ്രദ്ധയിൽപെട്ടു. വിശദാംശം ഖണ്ഡിക 2-4 ൽ ചേർത്തിട്ടുണ്ട്.

ഓഡിറ്റ് സർട്ടിഫിക്കറ്റ്, ഓഡിറ്റു ചെയ്ത ബാലൻസ് ഷീറ്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് എന്നിവ അനുബന്ധമായി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 3683845.20 |
| വരവ് | 52867820.00 |
| ആകെ | 56551665.20 |
| ചെലവ് | 52127518.00 |
| നീക്കിയിരിപ്പ് | 4424147.20 |

ബാലൻസ് ഷീറ്റ് പ്രകാരം ഓഡിറ്റ് വർഷത്തിൽ പിരിച്ചെടുക്കുവാൻ ബാക്കി നിൽക്കുന്ന തുകകളുടെ വിവരം താഴെ ചേർക്കുന്നു.

| ഇനം | തുക |
|---|---|

| | |
|---|---|
| വസ്തു നികുതി | 1563361 |
| തൊഴിൽ നികുതി | 4380 |
| വാടക | 194233 |
| ആകെ | 1761974 |

തനത് വരുമാനം താരതമ്യേന പഞ്ചായത്തിൽ കുറവാണ്. ആയതു തന്നെ മുഴുവനും പിരിച്ചെടുക്കുവാൻ കഴിഞ്ഞിട്ടില്ല. ഏറ്റവും കൂടുതൽ കുടിശ്ശിക വസ്തു നികുതി ഇനത്തിൽ ആണെന്നതിനാൽ വസ്തു നികുതി പിരിവ് ഊർജ്ജിതമാക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. പഞ്ചായത്തിന് ലഭിക്കാനുള്ള തുകകൾ കുടിശ്ശികയില്ലാതെ പിരിച്ചെടുക്കുവാൻ വേണ്ട നടപടികളും സ്വീകരിക്കേണ്ടതാണ്.

## 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | അലോട്ട്മെന്റ് | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|
| വികസനഫണ്ട് - പൊതുവിഭാഗം | 8000094 | 8000094 | 100 |
| വികസനഫണ്ട് - എസ്.സി.പി. | 1613931 | 1613931 | 100 |
| വികസനഫണ്ട് - ടി.എസ്.പി. | 82923 | 82923 | 100 |
| സംരക്ഷണ ഗ്രാന്റ് - റോഡ് | 18773034 | 18355405 | 97.77 |
| സംരക്ഷണ ഗ്രാന്റ് - നോൺ റോഡ് | 2554755 | 2539707 | 99.41 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 4486579 | 4486579 | 100 |
| പെർഫോമൻസ് ഗ്രാന്റ് | 2471026 | 2471026 | 100 |
| ബി. ഫണ്ട് | 22129635 | 22129635 | 100 |
| എം.ജി.എൻ.ആർ. ഇ. ജി.എസ്. | *10992661 (മുന്നിരിപ്പ് രൂ. 3175./- ഉൾപ്പെടെ)* | 10989791 (നീക്കിയിരിപ്പ് രൂ.2870.70/-.)പാസ് ബുക്ക് പ്രകാരമുള്ളത് | 99.37% |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്/ എണ്ണം | പദ്ധതി അടങ്കൽ | നടപ്പാക്കി യത്/ എണ്ണം | പദ്ധതി ചെലവ് | ഭാഗിക മായി നടപ്പാക്കി യത്. എണ്ണം | നടപ്പാ ക്കാത്തവ എണ്ണം | പൂർത്തീക രിച്ച പ്രോജക്ടു കളുടെ % |
|---|---|---|---|---|---|---|
| 164 | 46122075 | 158 | 38913533 | 4 | 4 | 95% |

ഗ്രാമ പഞ്ചായത്ത് ഏറ്റെടുത്ത പദ്ധതികൾ പരമാവധി നടപ്പാക്കിയിട്ടുണ്ട്. പഞ്ചായത്തിന്റെ സമഗ്ര വികസനം ലക്ഷ്യമിടുന്ന പദ്ധതികൾ ഉൾപ്പെടുത്തുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-7 തനത് വരുമാനം.

2016-17 സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 20.92 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3200665 | 4001879 | 801214 | 25% |
| നികുതിയേതര വരവുകൾ | 1206581 | 1375042 | 168461 | 13.96% |
| മറ്റുവരവുകൾ | 88298 | 59155 | (29143) | (33%) |
| ആകെ | 4495544 | 5436076 | 940532 | 20.92% |

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതി യുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെഎണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 57720 | 32 |
| കർഷകതൊഴിലാളി പെൻഷൻ | 5078630 | 561 |
| വിധവാപെൻ ഷൻ | 5268180 | 490 |
| വാർദ്ധക്യകാല പെൻഷൻ | 9870505 | 757 |
| ശാരീരികവും മാനസികവുമായി വെല്ലവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 1502600 | 154 |
| അവിവാഹിതരായ 50 വയസ്സിനുമുകളിൽപ്രായമായ വനി തകൾക്കുള്ള ധനസഹായം | 322000 | 35 |
| വിധവകളുടെ പെൾമക്കളുടെ വിവാഹ ധനസഹായം | 30000 | 1 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28.09.2017 ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 10614/- രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

ഫ്രണ്ട് ഓഫീസ് പ്രവർത്തനം സംബന്ധിച്ച പ്രസിഡന്റും സെക്രട്ടറിയും നടത്തേണ്ട കാലിക പരിശോധനകൾ നടക്കുന്നില്ല, ഇത് സംബന്ധിച്ച അവലോകന യോഗങ്ങളും കൂടിയിട്ടില്ല.

ഫ്രണ്ട് ഓഫീസ് ഡയറി സെക്രട്ടറി പരിശോധിച്ച് കൃത്യത ഉറപ്പാക്കുന്നില്ല.

ആസ്തികളുടെ വിവരങ്ങൾ അടങ്ങിയ ആസ്തി രജിസ്റ്ററുകൾ എല്ലാ ആസ്തി വിവരങ്ങളും ഉൾപ്പെടുത്തി കാലികമാക്കിയിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13.09.2017 | 1.8.2017 മുതൽ 31.8.2017 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറ ലിന്റെ ഓഡിറ്റ് | 06.06.2016മുതൽ 20.06.2016വരെ | 2010 –11 മുതൽ 2015-16വരെ | 18.08.2016 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 റോഡ് റെസ്റ്റോറേഷൻ ചാർജ് ഈടാക്കിയതിൽ കുറവ് - 1241963/- രൂപ നഷ്ടം

വാളകം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 18/07/16ലെ 6-ാം നമ്പർ തീരുമാന പ്രകാരം റിലയൻസ് ജിയോ ഇൻഫർമേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിന് കടാതി പള്ളി ബസ് സ്റ്റോപ്പിന് സമീപമുള്ള പഞ്ചായത്ത് റോഡ് 1603 (1600m WBM, 3m Black Topped surface) മീറ്റർ നീളത്തിലും ഒരു മീറ്റർ വീതിയിലും കട്ട് ചെയ്ത് ഒപ്റ്റിക്കൽ ഫൈബർ കേബിൾ ഇടുന്നതിന് അനുമതി നൽകിയിരുന്നു. ഇതിന് റോഡ് കട്ടിംഗ് ഫീസായി 305000/- രൂപ ഈടാക്കിയിട്ടുണ്ട് (രസീത് നം 11602400008/ 23.7.2016 ). ഒപ്റ്റിക്കൽ ഫൈബർ കേബിൾ ഇട്ട് റോഡ് പുതുക്കി പണിയുന്നതിന് WBM റോഡുകളിൽ ചതുരശ്ര മീറ്ററിന് 964 രൂപയും, ബ്ലാക്ക് ടോപ്ഡ് സർഫസ് റോഡുകളിൽ ചതുരശ്ര മീറ്ററിന് 1521 രൂപയുമാണ് ഈടാക്കേണ്ടത് (18/03/13ലെ ചീഫ് എഞ്ചിനീയറുടെ (ആർ & ബി) കത്ത്). പൊതുമരാമത്ത് (എൻഎച്ച്) വകുപ്പിന്റെ 10/10/12ലെ PWD10-184285(B) നമ്പർ സർക്കുലർ പ്രകാരം റോഡ് പുതുക്കി പണിയുന്ന പ്രവൃത്തികൾ കുറഞ്ഞത് 1 മീറ്റർ വീതിയിൽ ചെയ്യേണ്ടതാണ്. ഇപ്രകാരം ഈടാക്കേണ്ടിയിരുന്ന ഫീസിന്റെ വിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| WBMറോഡ്<br>*1600m2 x 964/ m2* | 1542400 |
| ബ്ലാക്ക് ടോപ്പ്ഡ് സർഫസ് റോഡ്<br>*3m2 x 1521/m2* | 4563 |
| ആകെ | 1546963 |
| ഈടാക്കിയ ഫീസ് | 305000 |
| കുറവ് വന്ന ഫീസ് | 1241963 |

മേൽ വിശദീകരിച്ച പ്രകാരം റോഡ് കട്ട് ചെയ്ത് ഒപ്റ്റിക്കൽ ഫൈബർ കേബിൾ ഇടുന്നതിന് റിസ്റ്റോറേഷൻ ഫീസ് ഈടാക്കിയതിൽ 1241963/- രൂപ കുറവ് വന്നിട്ടുണ്ട്. ഇതിൽ വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറിക്കുള്ള (10/06.10.17) മറുപടിയിൽ റോഡ് കട്ടിംഗിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയതിന്റെ നിരക്കിലാണ് തുക ഈടാക്കിയതെന്നറിയിച്ചിട്ടുണ്ട്. റോഡ് കട്ടിംഗ് ചാർജിനു പകരം റോഡ് റെസ്റ്റോറേഷൻ ചാർജ് ഈടാക്കാത്തതിനാൽ വന്ന കുറവ് തുക തുക റിലയൻസ് ജിയോ ഇൻഫർമേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നോ, ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 2-2 ഉപയോഗക്രമം മാറ്റി വസ്തുനികുതി നിർണ്ണയിച്ചു

തദ്ദേശ സ്വയംഭരണ (ആർ.ഡി.) വകുപ്പിന്റെ 14/01/11 ലെ സ.ഉ.(അച്ചടി) 19/2011 നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വസ്തു നികുതി പരിഷ്കരിച്ചിട്ടുണ്ട്. ഭരണസമിതി 24/12/2011ൽ ചേർന്ന സാധാരണ യോഗത്തിലെ തീരുമാന നമ്പർ 2(1) പ്രകാരം 100 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗണുകൾ എന്നിവക്ക് ചതുരശ്ര മീറ്ററിന് 50 രൂപയാണ് നികുതി നിരക്ക് നിശ്ചയിച്ചിരിക്കുന്നത്.എന്നാൽ, സഞ്ചയ ആപ്ലിക്കേഷൻ പ്രകാരമുള്ള വസ്തുനികുതി നിർണ്ണയ രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന 100 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക്, 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ കുറഞ്ഞ (30 രൂപ) നിരക്കിലാണ് നികുതി

ഈടാക്കിയിരിക്കുന്നത്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| കെട്ടിട നം | നികുതി നിർണ്ണയം നടത്തിയ വർഷം | തറ വിസ്തീർണ്ണം (ച.മീ.) | ഈടാക്കേണ്ട നികുതി, (50 രൂപ നിരക്കിൽ) | ഈടാക്കിയ നികുതി (30 രൂപ നിരക്കിൽ) | കുറവ് തുക |
|---|---|---|---|---|---|
| VI/214A | 2013-14 | 139.12 | 8765 | 5260 | 3505 |
| VII/174G | 2013-14 | 104.00 | 6552 | 3932 | 2620 |
| VII/174H | 2013-14 | 107.00 | 6741 | 4045 | 2696 |
| X/49A | 2013-14 | 109.22 | 4588 | 2754 | 1834 |
| ആകെ | | | | | 10655 |

മേൽ വിശദീകരിച്ച പ്രകാരം ഉപയോഗക്രമം മാറ്റി വസ്തുനികുതി നിർണ്ണയിച്ചത് മൂലം 2016-17 സാമ്പത്തിക വർഷത്തിൽ മാത്രം 10655/- രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്. ഇതിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം. 02/30/09/17) മറുപടിയിൽ 2017-18 വർഷം മുതൽ പുതുക്കിയ നിരക്കിൽ ഈടാക്കാമെന്നറിയിച്ചിട്ടുണ്ട്. വസ്തുനികുതി ഇനത്തിൽ കുറവ് വന്ന തുക മുൻ വർഷങ്ങളിലെ കുടിശിക ഉൾപ്പെടെ പുനർനിർണ്ണയിച്ച് ബന്ധപ്പെട്ട നികുതിദായകരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 2-3 തൊഴിൽനികുതി ഈടാക്കിയതിൻ കുറവ് - 15450/- രൂപ നഷ്ടം

2016-17 രണ്ട് അർദ്ധവർഷങ്ങളിലും വാളകം ബ്രൈറ്റ് പബ്ലിക് സ്കൂളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയതിൽ കുറവ് വന്നിട്ടുണ്ട്. വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | ജീവനക്കാരന്റെ പേര് | അർദ്ധ വാർഷീക വരുമാനം | ഈടാക്കേണ്ടിയിരുന്ന നികുതി | ഈടാക്കിയ നികുതി (രസീത് നം 11602103941 14/03/17) | കുറവ് തുക |
|---|---|---|---|---|---|
| ഒന്നാം അർദ്ധവർഷം | | | | | |
| 1 | അനുജ റ്റി രാജ് | 61424 | 600 | 450 | 150 |
| 2 | അശ്വതി അനിൽകുമാർ | 61424 | 600 | 450 | 150 |
| 3 | ബിന്ദു വി കെ | 61424 | 600 | 450 | 150 |
| 4 | ചിപ്പി മോഹനൻ | 61424 | 600 | 450 | 150 |
| 5 | ദീപമോൾ | 61424 | 600 | 450 | 150 |
| 6 | ഈവ് പി ജോൺ | 61424 | 600 | 450 | 150 |
| 7 | ജിൻസി ഏലിയാസ് | 61424 | 600 | 450 | 150 |
| 8 | മൃദുല | 61424 | 600 | 450 | 150 |
| 9 | മഞ്ജു ബെന്നി | 61424 | 600 | 450 | 150 |
| 10 | നിനു വിൽസൺ | 61424 | 600 | 450 | 150 |
| 11 | മിനി ചെറിയാൻ | 61424 | 600 | 450 | 150 |
| 12 | നിഷ മോഹനൻ | 92136 | 600 | 450 | 150 |

| | | | | | |
|---|---|---|---|---|---|
| 13 | നിഷാര | 92136 | 600 | 450 | 150 |
| 14 | പ്രിയ ബിജു | 61424 | 600 | 450 | 150 |
| 15 | പ്രീത<br>എ ആർ | 61424 | 600 | 450 | 150 |
| 16 | റിൻഡ വി എസ് | 61424 | 600 | 450 | 150 |
| 17 | ശ്രീലേഖ ബി | 61424 | 600 | 450 | 150 |
| 18 | സൗമ്യ മാത്യൂ | 61424 | 600 | 450 | 150 |
| 19 | സനൂജ ജോൺ | 61424 | 600 | 450 | 150 |
| 20 | ഷീന മാർക്കോസ് | 61424 | 600 | 450 | 150 |
| 21 | ശശിധരൻ എം കെ | 61424 | 600 | 450 | 150 |
| 22 | ഷെർമീന ഷാംസ് | 61424 | 600 | 450 | 150 |
| 23 | ആൻ മേരി | 61424 | 600 | 450 | 150 |
| ആകെ | | | | | 3450 |
| രണ്ടാം അർദ്ധവർഷം | | | | | |
| ക്രമ നം | ജീവനക്കാരന്റെ പേര് | അർദ്ധ വാർ ഷീക വരു മാനം | ഈടാ ക്കേണ്ടി യിരുന്ന നികുതി | ഈടാ ക്കിയ നികുതി (രസീത് നം 11602103942 14/03/17) | കുറവ തുക |
| 1 | ബിജി രാമചന്ദ്രൻ | 116904 | 1000 | 750 | 250 |
| 2 | ലിസി മാത്യൂ | 116904 | 1000 | 750 | 250 |
| 3 | രാജേഷ് സി ആർ | 127704 | 1250 | 750 | 500 |
| 4 | സിമി വർഗീസ് | 127704 | 1250 | 750 | 500 |
| 5 | ഷൈമ ജൂബി | 127704 | 1250 | 750 | 500 |
| 6 | സനിത | 127704 | 1250 | 750 | 500 |
| 7 | ഏലിയാമ്മ പൗലോസ് | 81336 | 750 | 600 | 150 |
| 8 | ബിബി ഇ കെ | 81336 | 750 | 600 | 150 |
| 9 | ദിനേശ് എം ആർ | 92136 | 750 | 600 | 150 |
| 10 | ഗായത്രി നിഷാന്ത് | 127704 | 1250 | 600 | 650 |
| 11 | മഹിമ കെ | 92136 | 750 | 600 | 150 |
| 12 | രമ്യ പുരഷോത്തമൻ | 81336 | 750 | 600 | 150 |

| | | | | | |
|---|---|---|---|---|---|
| 13 | രാജിമോൾ പി കെ | 92136 | 750 | 600 | 150 |
| 14 | സംഗീത പ്രതീഷ് | 92136 | 750 | 600 | 150 |
| 15 | അമ്പിളി എസ് നായർ | 81336 | 750 | 450 | 300 |
| 16 | അനൂജ റ്റി രാജ് | 92136 | 750 | 450 | 300 |
| 17 | അശ്വതി അനിൽകുമാർ | 92136 | 750 | 450 | 300 |
| 18 | ബിന്ദു വി കെ | 92136 | 750 | 450 | 300 |
| 19 | ചിപ്പി മോഹനൻ | 92136 | 750 | 450 | 300 |
| 20 | ദീപ കെ എൻ | 81336 | 750 | 450 | 300 |
| 21 | ദീപമോൾ | 92136 | 750 | 450 | 300 |
| 22 | ഈവ് പി ജോൺ | 92136 | 750 | 450 | 300 |
| 23 | ജിൻസി ഏലിയാസ് | 92136 | 750 | 450 | 300 |
| 24 | മൃദുല | 92136 | 750 | 450 | 300 |
| 25 | മഞ്ചു ബെന്നി | 92136 | 750 | 450 | 300 |
| 26 | നിനു വിൽസൺ | 92136 | 750 | 450 | 300 |
| 27 | മിനി ചെറിയാൻ | 92136 | 750 | 450 | 300 |
| 28 | നിഷ മോഹനൻ | 92136 | 750 | 450 | 300 |
| 29 | നിഷാര | 92136 | 750 | 450 | 300 |
| 30 | പ്രിയ ബിജു | 81336 | 750 | 450 | 300 |
| 31 | പ്രീത<br>എ ആർ | 92136 | 750 | 450 | 300 |
| 32 | റിൻഡ വി എസ് | 92136 | 750 | 450 | 300 |
| 33 | ശ്രീലേഖ ബി | 92136 | 750 | 450 | 300 |
| 34 | സൗമ്യ മാത്യൂ | 92136 | 750 | 450 | 300 |
| 35 | സനൂജ ജോൺ | 92136 | 750 | 450 | 300 |
| 36 | ഷീന മാർക്കോസ് | 92136 | 750 | 450 | 300 |
| 37 | ശശിധരൻ എം കെ | 92136 | 750 | 450 | 300 |
| 38 | ഷെർമീന ഷാംസ് | 92136 | 750 | 450 | 300 |
| 39 | ആൻ മേരി | 92136 | 750 | 450 | 300 |
| 40 | ദിവ്യ ഗോപാല<br>കൃഷ്ണൻ | 81336 | 750 | 450 | 300 |

| | | | | | |
|---|---|---|---|---|---|
| 41 | സജീന എൽദോസ് | 60024 | 600 | 450 | 150 |
| ആകെ | | | | | 12150 |

മേൽ വിശദീകരിച്ച പ്രകാരം 2016-17 സാമ്പത്തീക വർഷത്തിൽ തൊഴിൽനികുതി ഈടാക്കിയതിൽ ഗ്രാമപഞ്ചായത്ത് ഫണ്ടിന് 15600/- രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്. ഇതിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (ഓഡിറ്റ് എൻക്വയറി നം. 04/05.10.17) മറുപടിയിൽ ഏപ്രിൽ, മെയ് മാസങ്ങളിൽ ജീവനക്കാർക്ക് ശമ്പളം നൽകുന്നില്ല എന്നും, രണ്ട് അർദ്ധവർഷങ്ങളിലും 5 മാസത്തെ വീതം ശമ്പളം ഉൾപ്പെടുത്തിയാണ് തൊഴിൽനികുതി കണക്കാക്കിയിരിക്കുന്നത് എന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ, ഒന്നാം അർദ്ധവർഷത്തിൽ 4 മാസത്തെ ശമ്പളവും, രണ്ടാം അർദ്ധവർഷത്തിൽ 6 മാസത്തെ ശമ്പളവും ഉൾപ്പെടുത്തിയാണ് തൊഴിൽനികുതി കണക്കാക്കേണ്ടത്. ആയതിനാൽ, തൊഴിൽനികുതി ഇനത്തിൽ കുറവ് വന്ന തുക ബന്ധപ്പെട്ട ജീവനക്കാരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 2-4 വാർഷിക ധനകാര്യ പത്രിക- ന്യൂനതകൾ

2016-17 ലെ വാർഷിക ധനകാര്യ പത്രികയിലെ ന്യൂനതകൾ താഴെച്ചേർക്കുന്നു.

1. എം.ജി.എൻ.ആർ.ഇ.ജി.എസിന്റെ ബാങ്ക് ഓഫ് ഇൻഡ്യ അക്കൌണ്ടിലെ (നം.857710100004455) 31.03.17 ലെ നീക്കിയിരിപ്പ് 2870.70 രൂപയാണ്. എന്നാൽ വാർഷിക ധനകാര്യ പത്രികയിലെ നീക്കിയിരിപ്പ് 44621 രൂപയാണ്. വ്യത്യാസം 41750.30 രൂപ. ഈ വ്യത്യാസം റെക്കൺസൈൽ ചെയ്തിട്ടില്ല.

2. എം.ജി.എൻ.ആർ.ഇ.ജി.എസ് രജിസ്റ്റർ പ്രകാരം ഇ.എഫ്.എം.എസ് തുക 10387779 രൂപയാണ്. വാർഷിക ധനകാര്യ പത്രികയിലെ I-6 -ൽ ചേർത്തിരിക്കുന്ന തുക10346309 രൂപയാണ്. വ്യത്യാസം 41470 രൂപ.

3. വാർഷിക ധനകാര്യ പത്രികയുടെ RP-7 ഷെഡ്യൂളിൽ വരവായി 62,317 രൂപ (scholarship for handicapped children) ചേർത്തിട്ടുണ്ടെങ്കിലും ബാങ്ക്/ ട്രഷറി പാസ്സ് ബുക്കുകളിലോ, അലോട്ട്മെന്റിലോ ഈ തുക വരവ് വന്നിട്ടില്ല.

4 പഞ്ചായത്ത് ജനറൽ ഫണ്ടിന്റെ 2016-17 വർഷത്തെ നീക്കിയിരിപ്പും 2015-16 ലെ ധനസ്ഥിതിയും താരതമ്യത്തിനായി താഴെച്ചേർക്കുന്നു.

| വർഷം | 2016-17 | 2015-16 |
|---|---|---|
| പഞ്ചായത്ത് ഫണ്ട്-ജനറൽ ഫണ്ട് | 32,08,961 | 3195223 |
| എക്സസ് ഓഫ് എക്സ്പെൻഡിച്ചർ ഓവർ ഇൻകം | (62,06,065.11) | (2246221.95) |
| ടോട്ടൽ പഞ്ചായത്ത് ഫണ്ട്-ജനറൽ ഫണ്ട് | (29,97,104.11) | 949001.05 |

2015-16 വർഷം വരെ ധനസ്ഥിതി മെച്ചമായിരുന്നുവെങ്കിലും 2016-17ലെ ധനസ്ഥിതി നെഗറ്റീവ് ഫിഗറിലാണ്. കൂടാതെ പഞ്ചായത്ത് ഫണ്ട്-ജനറൽ ഫണ്ട് തുകകളിൽ വ്യത്യാസവുമുണ്ട്.

5.വരവ് ഇനങ്ങളിൽ ലഭിക്കാൻ ബാക്കി നിൽക്കുന്ന തുകകളും ബി-15 ഷെഡ്യൂളിലെ തുകകളും തമ്മിൽ വ്യത്യാസമുണ്ട്. പ്രോപ്പർട്ടി ടാക്സ് (അരിയേഴ്സ്) സഞ്ജയ സോഫ്റ്റ് വെയർ പ്രകാരം 18,66,241 രൂപയും വാർഷിക ധനകാര്യ പത്രികയിൽ 27,57,792 രൂപയുമാണ്.

| Item | Demand | Collection | Balance | As per B-15 Schedule | Difference |
|---|---|---|---|---|---|
| Property Tax (Arrears) | 2757792 | 1093497 | 1664295 | 771972 | 892323 |
| D&O Lincense Fees | 75800 | 41150 | 34650 | 0 | 34650 |
| Rent (Current) | 444731 | 287264 | 157467 | 140233 | 17234 |
| Rent (Arrears) | 104200 | 43006 | 61194 | 54000 | 7194 |

| | | | | | |
|---|---|---|---|---|---|
| Profession Tax-Traders (Arrears) | 13530 | 5620 | 7910 | 4380 | 3530 |

ന്യൂനതകൾ പരിഹരിച്ച് അറിയിക്കുവാൻ നിർദ്ദേശിച്ചത് പ്രകാരം അപാകതകൾ പരിഹരിക്കുവാൻ നടപടി സ്വീകരിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിൽ ധരിപ്പിക്കേണ്ടതാണ്.

.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 വിദ്യാഭ്യാസ ഗുണനിലവാരം ഉയർത്തൽ പദ്ധതി - ചെലവ് തടസപ്പെടുത്തുന്നു

| | |
|---|---|
| പ്രൊജക്റ്റ് നം. | S034/17, വിദ്യാഭ്യാസ ഗുണനിലവാരം ഉയർത്തൽ |
| അടങ്കൽ | 100000/- |
| ചെലവ് | 98000/- |
| ബിൽ നം./തീ. | 01/16-17, 15/10/16 = 32000<br>03/16-17, 25/11/16 = 66000 |

മേക്കടമ്പ് ഗവ. എൽ പി സ്കൂൾ ഹെഡ് മിസ്ട്രസ് നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ പദ്ധതിയുടെ ചെലവ് വിവരം താഴെ ചേർക്കുന്നു.

| ബിൽ നം/ തീയതി | തുക | ചെലവിനം |
|---|---|---|
| 01/16-17 15/10/16 | 32000 | സ്വീപ്പിംഗ് ചാർജ്, അദ്ധ്യാപകർ, ആയ എന്നിവരുടെ ഹോണറേറിയം |
| 03/15-16 25/11/16 | 66000 | സ്വീപ്പിംഗ് ചാർജ്, അദ്ധ്യാപകർ, ആയ എന്നിവരുടെ ഹോണറേറിയം |
| | 98000 | |

പന്ത്രണ്ടാം പദ്ധതി മാർഗ്ഗരേഖ ജി ഒ (എം എസ്) 362/2013 തസ്വഭവ 16.11.2013 {അനുബന്ധം 1, 6(iv)} പ്രകാരം വിദ്യാഭ്യാസ ഗുണനിലവാരമുയർത്തൽ പദ്ധതിയിൽ ഓണറേറിയമോ, വേതനമോ കൂടാതെ സന്നദ്ധ മനോഭാവതോടെ പ്രവർത്തിക്കാൻ തയ്യാറുള്ള അദ്ധ്യാപകർ, വിദ്യാസമ്പന്നരായ യുവതീയുവാക്കൾ എന്നിവരെ സംഘടിപ്പിച്ച് പഠനത്തിൽ പിന്നാക്കം നിൽക്കുന്ന വിദ്യാർഥികൾക്ക് കോച്ചിംഗ് നൽകാവുന്നതാണ്. എന്നാൽ, സന്നദ്ധസേവനം സ്വരൂപിക്കാൻ കഴിയാത്ത സാഹചര്യത്തിൽ യോഗ്യരായ പുറമെയുള്ള അദ്ധ്യാപകരുടെ സേവനത്തിന് വർഷത്തിൽ 3000/- രൂപ ഓണറേറിയം അനുവദിക്കാവുന്നതാണ്. മേൽ പ്രോജക്റ്റ് പ്രകാരം അദ്ധ്യാപകരായി ജോലി ചെയ്ത 3 വ്യക്തികൾക്ക് നൽകിയ വേതനത്തിന്റെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | പേര്,തസ്തിക | നൽകിയ തുക | നൽകേണ്ട തുക | അധികം നൽകിയത് |
|---|---|---|---|---|
| 1 | വിനയ വി, | 16000 | 3000 | 13000 |

| | | | | |
|---|---|---|---|---|
| | പ്രീ പ്രൈമറി അദ്ധ്യാപിക, ജി.എൽ. പി.എസ്, വാളകം | | | |
| 2 | ബിൻസി മാത്യു, പ്രീ പ്രൈമറി അദ്ധ്യാപിക, ജി എൽ പി എസ്, കടാതി | 20000 | 3000 | 17000 |
| 3 | സോണിയ ജോണി, പ്രീ പ്രൈമറി അദ്ധ്യാപിക, ജി എൽ പി എസ്, കുന്നക്കാൽ | 16000 | 3000 | 13000 |
| ആകെ | | 52000 | 9000 | 43000 |

പദ്ധതി മാർഗ്ഗരേഘ പ്രകാരം സ്വീപ്പിംഗ് ചാർജ്, ആയയുടെ വേതനം എന്നിവ നൽകാൻ അനുമതി ഇല്ല. എന്നാൽ, ആയ/ സ്വീപ്പർ ആയി പ്രവർത്തിച്ച 4 പേരുടെ വേതനത്തിന്റെ വിവരങ്ങൾ താഴെ കൊടുക്കുന്നു

| ക്രമ നം. | പേര്,തസ്തിക | നൽകിയ തുക |
|---|---|---|
| 1 | നിഷ എം ആർ,ആയ, ജി എൽ പി എസ്,മേക്കടമ്പ് | 12500 |
| 2, | നീതു പി കെ, ആയ, ജി എൽ പി എസ്,കടാതി, | 12500 |
| 3 | രാജി അശോകൻ, ജി എൽ പി എസ്, കടാതി, | 15000 |
| 4 | തങ്കമ്മ സുനിൽ, ജി എൽ പി എസ്, കടാതി, | 6000 |
| ആകെ | | 46000 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ,അദ്ധ്യാപകർക്കും ആയമാർക്കും കുട്ടികളിൽ നിന്നും പിരിച്ചെടുത്ത് വേതനം നൽകാൻ നിർവ്വാഹമില്ലാത്തതിനാലാണ് പഞ്ചായത്ത് ഈ പ്രോജക്ട് ഏറ്റെടുത്തത് എന്ന് മറുപടി ലഭിച്ചിട്ടുണ്ട്. പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായതിനാൽ, ഈ മറുപടി സ്വീകാര്യമല്ല മേൽ വിശദീകരിച്ച പ്രകാരം മാർഗ്ഗരേഖക്ക് വിരുദ്ധമായി ചെലവഴിച്ച 89000/- രൂപ (46000+43000) തടസപ്പെടുത്തുന്നു.

## 3-2 സെക്രട്ടറി നടപ്പാക്കിയ പ്രോജക്ടുകൾ- പൂർത്തീകരണ സർട്ടിഫിക്കറ്റ് ലഭിക്കാത്തത്, സെന്റേജ് ചാർജ്ജ് അധികം നൽകിയത്.

2016-2017 വർഷം സെക്രട്ടറി നടപ്പിലാക്കിയ താഴെ പറയുന്ന പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല.

| പ്രോജക്ട് നമ്പർ | എസ് 003/17 (1) | എസ് 177/17 (2) | എസ് 113/17 (3) | എസ് 169/16-17 (4) | എസ് 167/16-17 (5) |
|---|---|---|---|---|---|
| പേര് | നെടുങ്ങുഴി ത്താഴം-മനയിരിക്ക മുഗൾ റോഡിൽ സ്ട്രീറ്റ് ലൈൻ ദീർഘി പ്പിക്കൽ | പെരുവമൂഴി അരുണാമല റോഡ് പൈപ്പ് ലൈൻ ദീർഘി പ്പിക്കൽ | 33,39, അങ്കണ വാടികൾക്ക് വാട്ടർ കണക്ഷൻ | കമ്പനിപ്പടി പുതിയേലി പ്പാടം റോഡ് പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | വൈദ്യശാ ലപ്പടി ആവുണ്ട റോഡ് പൈപ്പ് ലൈൻ ദീർഘി പ്പിക്കൽ |
| അടങ്കൽ | 75000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ് ) | 130000/- (58657/- ധനകാര്യ കമ്മീഷൻ ഗ്രാന്റ്, 71343 KLGSDP | 53000/- (മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്) | 190000/- (26152 – വികസന ഫണ്ട്, 163848 -ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 600000/- ധനകാര്യ കമ്മീഷൻ ഗ്രാന്റ് |

| | | | | | |
|---|---|---|---|---|---|
| | | ഗ്രാന്റ്) | | | |
| ചെലവ് | 75000/- | 130000/- | 53000/- | 190000/- | 600000/- |
| ബിൽ നമ്പർ | 16/16-17 /13.02.17 | 31 & 32/16-17 /10.03.17 | 14/16-17 /23.12.16 18/16-17 /13.02.17 | 20&21/ 16-17/ 18.02.17 | 22/16-17 /18.02.2017 |
| കൈപ്പറ്റ് രസീത് നമ്പർ | 2155541700/ 12.04.17 | ഫണ്ട് ട്രാൻസ്ഫർ മുഖേന | 40000/- (ചെക്ക് നമ്പർ 635690/ 27.12.16) 13000/- ഫണ്ട് ട്രാൻസ്ഫർ) | ഫണ്ട് ട്രാൻസ്ഫർ മുഖേന | ഫണ്ട് ട്രാൻസ്ഫർ മുഖേന |
| ഏജൻസിയുടെ പേര്. | KSEB | KWA | KWA | KWA | KWA |

താഴെപറയുന്ന പ്രവൃത്തികൾക്ക് സെന്റേജ് ചാർജ്ജ് അടവാക്കിയപ്പോൾ നിയമാനുസൃതമായി നൽകേണ്ടതിലും അധികം തുക നൽകിയതായി കണ്ടു. വിശദാംശം:-

| പ്രോജക്ട് നമ്പർ | എസ്റ്റിമേറ്റ് വിശദാംശം | നൽകിയത് | നൽകാവുന്നത് | അധികം |
|---|---|---|---|---|
| എസ് 113/17 (1) | Cost of material | 4200 | 4200 | |
| | Working charge | 31088 | 31088 | |
| | Centage charge (12.5%) | 4411 | (10%)3529 | 882 |
| | Unforseen | 301 | 310 | |

| പ്രോജക്ട് നമ്പർ | എസ്റ്റിമേറ്റ് വിശദാംശം | നൽകിയത് | നൽകാവുന്നത് | അധികം |
|---|---|---|---|---|
| എസ് 113/17 (2) | Cost of material | 11527 | 11527 | |
| | Working charge | 0 | 0 | |
| | Centage charge (12.5%) | 1441 | 1152 | 289 |
| | Unforseen | 0 | 0 | |

| പ്രോജക്ട് നമ്പർ | എസ്റ്റിമേറ്റ് വിശദാംശം | നൽകിയത് | നൽകാവുന്നത് | അധികം |
|---|---|---|---|---|
| എസ് 177/17 | Cost of material | 20579 | 20579 | |
| | Working charge | 93861 | 93861 | |
| | Centage charge (12.5%) | 14305 | 11444 (10%) | 2861 |
| | Unforseen | 1255 | 1255 | |

| പ്രോജക്ട് നമ്പർ | എസ്റ്റിമേറ്റ് വിശദാംശം | നൽകിയത് | നൽകാവുന്നത് | അധികം |
|---|---|---|---|---|
| എസ് 169/17 | Cost of material | 70614 | 70614 | |
| | Working charge | 95140 | 95140 | |
| | Centage charge (12.5%) | 20719 | 16575 | 4144 |

| പ്രോജക്ട് നമ്പർ | എസ്റ്റിമേറ്റ് വിശദാംശം | നൽകിയത് | നൽകാവുന്നത് | അധികം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| എസ് 167/17 | Cost of material | 198030 | 198030 | |
| | Working charge | 328746 | 328746 | |
| | Centage charge (12.5%) | 65847 | 52677 | 13170 |
| | Unforseen | 7377 | 7377 | |

കേരള പി.ഡബ്ല്യ.ഡി മാന്വൽ 1601.4 ഡെപ്പോസിറ്റ് വർക്ക്സ് പ്രകാരം 12.5% സെന്റേജ് ചാർജ്ജിൽ 2.5% ശതമാനം എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള 2.5% സെന്റേജ് ചാർജ് ഈടാക്കാവുന്നതല്ല. ആയതിനാൽ സെന്റേജ് ചാർജ് 10% നൽകിയാൽ മതിയാകും. എന്നാൽ ഇതുൾപ്പെടെ നൽകുക വഴി 21346/- രൂപയുടെ അധിക ചെലവ് ഉണ്ടായിട്ടുണ്ട്. ഇതിന് വിശദീകരണം നൽകുവാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 4) അധികം നൽകിയ തുക തിരികെ ഈടാക്കാൻ കെ.എസ്.ഇ.ബി.യ്ക്കും കേരള വാട്ടർ അതോറിറ്റിക്കും കത്ത് നൽകിയിട്ടുണ്ടെന്നും, വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്ന മുറക്ക് ഓഡിറ്റിന് സമർപ്പിക്കാമെന്നും മറുപടി നൽകിയിട്ടുണ്ട്.
അധികം നൽകിയ 21346/- രൂപാ നിരാകരിക്കുന്നു. തുക സ്ഥാപനത്തിൽ നിന്ന് തിരികെ ഈടാക്കുകയോ അല്ലാത്ത പക്ഷം സെക്രട്ടറിയിൽ നിന്നും ഈടാക്കുകയോ ചെയ്യേണ്ടതാണ്.

## 3-3 മോട്ടോർ അറ്റകുറ്റ പണി തുക തിരികെ ഈടാക്കിയില്ല

കുര്യത്തോട് ലിഫ്റ്റ് ഇറിഗേഷൻ മോട്ടോറിന്റെ അറ്റകുറ്റ പണിയ്ക്കായി അസി.എൻജിനീയറുടെ (അസി.മൈനർ ഇറിഗേഷൻ സെക്ഷൻ മൂവാറ്റുപുഴ) അപേക്ഷ പ്രകാരം പഞ്ചായത്ത് ഫണ്ടുപയോഗിച്ച് മൈനർ ഇറിഗേഷൻ വകുപ്പിന്റെ മോട്ടോർ അറ്റകുറ്റ പണി ചെയ്തു. നിലവിൽ ഡിപ്പാർട്ട്മെന്റ് ഫണ്ടില്ലാത്തതിനാലും മോട്ടോർ ഇറക്കി വെക്കേണ്ടത് (സ്ഥാപിക്കേണ്ടത്) അത്യാവശ്യവുമായതിനാലാണ് ഇതിന് കാരണമായി പറഞ്ഞിരിക്കുന്നത്. ചെലവിന്റെ വിശദവിവരം താഴെച്ചേർക്കുന്നു.

| വൗച്ചർ നം./തീയതി | തുക | ചെക്ക് നം./തീയതി |
|---|---|---|
| 21600613/17.12.16 | 5000 | 188541/17.12.16 |

അടിയന്തരമായി ചെയ്യേണ്ട പ്രവൃത്തിയായതിനാലാണ് പഞ്ചായത്ത് ഈ പ്രവൃത്തി ഏറ്റെടുത്തത്. തുക തിരികെ ഈടാക്കേണ്ടതായിരുന്നെങ്കിലും തിരികെ ഈടാക്കിയിട്ടില്ല. ഈ തുക തിരികെ ഈടാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-4 പൊതു ടാപ്പുകളുടെ വാട്ടർ ചാർജ് -

പഞ്ചായത്തിലെ 279 പൊതു ടാപ്പുകൾക്ക്, ടാപ്പൊന്നിന് 5250 രൂപ വച്ച് ഒരു വർഷത്തെ വെള്ളക്കരം 14,64,750 രൂപയാണ്. ഈ തുക പ്രതിമാസം 1,22,063 രൂപയായി ഒടുക്കുന്നു. 11.01.16 ലെ ജി.ഒ.(എം.എസ്) 4/2016/ത.സ്വ.ഭ.വ. പ്രകാരം ഗാർഹിക കണക്ഷൻ പ്രോജക്ടുകൾ ഏറ്റെടുക്കുമ്പോൾ ഒരു പ്രദേശത്തെ മുഴുവൻ വീടുകൾക്കും കുടിവെള്ളം ലഭ്യമാക്കിയതിനു ശേഷം ആ പ്രദേശത്തെ പൊതു ടാപ്പുകൾ നിർത്തലാക്കേണ്ടതാണ്, വളരെ അത്യാവശ്യമുള്ള ഒന്നോ രണ്ടോ എണ്ണം ഒഴികെ പഞ്ചായത്തിൽ നിരവധി കുടിവെള്ള പ്രോജക്ടുകൾ നടപ്പിലാകുന്ന സാഹചര്യത്തിൽ, ഇപ്രകാരം പൊതു ടാപ്പുകൾ നിരത്തലാക്കിയിട്ടുണ്ടോയെന്നും, കേരള വാട്ടർ അതോറിറ്റിയുമായി ചേർന്ന് ഏറ്റവും അവസാനം സംയുക്ത പരിശോധന നടത്തിയ തീയതിയും അറിയിക്കേണ്ടതാണ് എന്നും ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. 2015 ലാണ് അവസാനമായി സംയുക്ത പരിശോധന നടത്തിയിട്ടുള്ളതെന്നും കുറെ പൊതു ടാപ്പുകൾ ഒഴിവാക്കിയിട്ടുണ്ടെന്നും ഇതിന് മറുപടി നൽകിയിട്ടുണ്ട്.
വൗച്ചർ നം.21600930/ 03.03.17 പ്രകാരം 2017 മാർച്ച് മാസത്തിൽ 122063 രൂപ വെള്ളക്കരം ഒടുക്കിയിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റിയുടെ ബില്ലിൽ ഫെബ്രുവരി മാസത്തെ ബിൽ തുകയ്ക്കു പുറമെ 5010രൂപ കുടിശികയും കുടിശിക ഒടുക്കാത്തതുമൂലമുള്ള ഫൈനായി 98 രൂപയും ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കുടിശിക നിവാരണം നടത്തിയിട്ടില്ല. 13.09.2013 ലെ ജി.ഒ.(ആർ.ടി ).2334/2013/ ത.സ്വ.ഭ.വ. പ്രകാരം എല്ലാ മാസവും പതിനഞ്ചാം തീയതിയ്ക്കു മുൻപ് ബന്ധപ്പെട്ടവർ തെരുവ് ടാപ്പുകളുടെ വെള്ളക്കരത്തിലുള്ള കുടിശിക നിവാരണം നടത്തി വകുപ്പ് മേധവികൾ മുഖേന സർക്കാരിലേക്ക് റിപ്പോർട്ട് നൽകേണ്ടതാണ്. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് കുടിശ്ശിക നിവാരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി, രേഖകൾ കാലികമാക്കി വെള്ളക്കരം കുറയ്ക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. കേരള വാട്ടർ അതോറിറ്റിയ്ക്കുള്ള കുടിശ്ശിക സംബന്ധിച്ചുള്ള സർക്കാർ നിർദ്ദേശങ്ങൾ

പാലിക്കേണ്ടതാണ്.

## 3-5 എസ്.സി. വിദ്യാർത്ഥികൾക്ക് പഠനമുറി- പദ്ധതി നടപ്പാക്കിയതിലെ ന്യൂനതകൾ

എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി എന്ന പദ്ധതിയിലെ ന്യൂനതകൾ താഴെച്ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം, പേര് | S0145/2016-17, എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി |
| അടങ്കൽ | വികസന ഫണ്ട് (എസ്.സി.പി)-3,00,000 |
| ചെലവ് | ബിൽ നം. 07/2016-17/ 18.02.17- 1,00,000<br>ബിൽ നം.10 /2016-17/ 06.03.17- 50,000<br>ബിൽ നം.11 /2016-17 /20.03.17- 50,000<br>ബിൽ നം.16 /2016-17 /21.03..17-1,00,000<br>------------------------------------------<br>3,00,000 |

താഴെപ്പറയുന്ന എസ്.സി വിദ്യാർത്ഥികൾക്കായി പഠനമുറി പണിയുന്നതിന് ഒരു ലക്ഷം രൂപ വീതം കുട്ടികളുടെ മാതാ പിതാക്കൾക്ക് ധനസഹായം നൽകിയിട്ടുണ്ട്.

| ക്രമ നം | മാതാപിതാക്കളുടെ പേര്/ മേൽവിലാസം | ന്യൂനതകൾ |
|---|---|---|
| 1 | രവി.റ്റി.കെ, തെക്കേപുത്തൻപുരയിൽ, മേക്കടമ്പ് | ബിൽഡിംഗ് പെർമിറ്റ് എടുത്തിട്ടില്ല |
| 2 | അനന്തു പി.മധു, c/o മധു.പി.കെ, പാറക്കാട്ടുകുടിയിൽ, കുന്നയ്ക്കൽ | ബിൽഡിംഗ് പെർമിറ്റ് എടുത്തിട്ടില്ല എസ്.സി വകുപ്പിൽ നിന്ന് ധനസാഹായം ലഭിച്ചിട്ടില്ല എന്നുള്ള പട്ടിക ജാതി വികസന ഓഫീസറുടെ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. |
| 3 | ഉഷ ശശി, പാറക്കാട്ടുകുടിയിൽ, കുന്നയ്ക്കൽ | ബിൽഡിംഗ് പെർമിറ്റ് എടുത്തിട്ടില്ല എസ്.സി വകുപ്പിൽ നിന്ന് ധനസാഹായം ലഭിച്ചിട്ടില്ല എന്നുള്ള പട്ടിക ജാതി വികസന ഓഫീസറുടെ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. 15.02.2016 ലെ ജി.ഒ.(ആർ.ടി.)നം.626/16 ഉത്തരവ് പ്രകാരം പഠനമുറിക്ക് കുറഞ്ഞത് 120 ച.അടി വിസ്തീർണ്ണം വേണം. എന്നാൽ മേൽ പഠനമുറിക്ക് 109 ച.അടി വിസ്തീർണ്ണമാണുള്ളത്. (അസി.എൻജിനീയറുടെ വാല്യേഷൻ പ്രകാരം 10.11ച.മീ.) |

മേൽ ന്യൂനതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.06/05.10.2017) ലഭ്യമാക്കിയ മറുപടി പ്രകാരം ന്യൂനതകൾ പരിഹരിക്കുവാൻ നടപടി സ്വീകരിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. പട്ടിക ജാതി വകസന ഓഫീസറുടെ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ മധു.പി.കെ., ഉഷ ശശി എന്നിവർക്ക് നൽകിയ രണ്ട് ലക്ഷം രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-6 മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ, ഗവ ഹോമിയോ ഡിസ്പെൻസറി, വാളകം .

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്024/16 -17 , മരുന്നു വാങ്ങൽ |
| അടങ്കൽ | 50,000/- |

| | |
|---|---|
| ചെലവ് | 50,000/-( ബിൽ നമ്പർ 01/16-17/19.01.17, NEFT Transfer) |

ഹോമിയോഡിസ്പെൻസറിക്ക് മരുന്ന വാങ്ങൽ എന്ന പദ്ധതിക്കായി റോഡിതര മെയിന്റനൻസ് ഫണ്ടിൽ നിന്നും,50,000/-രൂപാ പിൻവലിച്ച് സംസ്ഥാന ഹോമിയോപതിക് കോ-ഓപ്പറേറ്റീവ് ഫാർമസിക്ക് നൽകിയിട്ടുണ്ട് (രസീത് നമ്പർ 2729/10.03.2017). ഇൻവോയിസ് നം LF 498/12.09.2017 പ്രകാരം 33154/- രൂപയുടെ മരുന്ന് ലഭിച്ചിട്ടുണ്ട്. ബാക്കി നിൽക്കുന്ന 16846/- രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ വിവരം അറിയിക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 12ന് മരുന്നുകൾ ലഭിച്ചിട്ടില്ലായെന്ന് മറുപടി നൽകിയിട്ടുണ്ട്. മരുന്നുകൾ ലഭ്യമാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1. സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2016-17 | 75000 | ശാരീരിക മാനസി ക വെല്ലുവിളി നേരി ടുന്ന കുട്ടികൾക്ക് സ്കോളർ ഷിപ്പ് | 75000 | 0 |
| ജില്ലാ പഞ്ചായത്ത് | 2016-17 | 163416 | ശാരീരിക മാനസി ക വെല്ലുവിളി നേരി ടുന്ന കുട്ടികൾക്ക് സ്കോളർ ഷിപ്പ് | 163416 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 58175 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർ ഷിപ്പ് | 58175 | 0 |

.

## 4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ഡി.ഡി. നമ്പർ/ ചെക്ക് നം. ബിൽ നം. | മുൻകൂർ നൽകിയ തുക | ചെലവ ഴിച്ച തുക | ചെലവഴി ക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|
| വാട്ടർ അതോറിറ്റി | 33,39 അങ്കണവാടി കളിലേക്ക് കുടിവെള്ള കണക്ഷൻ | 6356/ 27.12.16 (13.2.2017 അക്കൗണ്ട് ട്രാൻസ്ഫർ) | 40000 + 13000 | 0 | 53000 |
| വാട്ടർ അതോറിറ്റി | വൈദ്യശാലപ്പടി ആവുണ്ട റോഡിൽ പൈപ്പ് ലൈൻ നീട്ടൽ | (14.2.2017 അക്കൗണ്ട് ട്രാൻസ്ഫർ) | 600000 | 0 | 600000 |
| വാട്ടർ അതോറിറ്റി | കമ്പനിപ്പടി - പുതിയേലിപ്പാടം റോഡ് പൈപ്പ് ലൈൻ നീട്ടൽ | (9.3.2017 അക്കൗണ്ട് ട്രാൻസ്ഫർ) | 163848 | 0 | 163848 |

| | | | | | |
|---|---|---|---|---|---|
| വാട്ടർ അതോറിറ്റി | പേരുവംമുഴി അരുണാമല റോഡിൽ പൈപ്പ് ലൈൻ നീട്ടൽ | (9.3.2017 അക്കൗണ്ട് ട്രാൻസ്ഫർ) | 58657 71343 | 0 | 130000 |
| KSEB | നെടുങ്കുഴിത്താഴെ മണിയിരിക്കമുഗൾ റോഡിൽ സ്ട്രീറ്റ് ലൈൻ നീട്ടൽ | (28.1.2017 അക്കൗണ്ട് ട്രാൻസ്ഫർ) | 75000 | 0 | 75000 |

പ്രവൃത്തികൾ പൂർത്തികരിച്ച് വിനിയോഗ സർട്ടിഫിക്കറ്റ് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 4-3. മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷത്തിൽ മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4. വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും, വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| EMS ഭവന പദ്ധതി | സ.ഉ.നം. 530 /2010/ ത.സ്വ. ഭവ./18.2.2010 | 3924152 | 1195421 | 427272 | 0 | 768149 |

## 4-5. സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6. ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകൾ

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ

കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01, 2001-02 | 3-1, 3-12 | 2005-06 | 2.51.3 | കുടിവെള്ള പരിപാലനം | C3-646 / 30.10.15 പ്രകാരം തീർപ്പാക്കാൻ കത്തയച്ചു |
| 1995-96 | 7 | 2006-07 | 3.46.1 | മണൽ ലേലത്തുക അടവ് | C/2738 /2010/25.9.14 പ്രകാരം തീർപ്പാക്കാൻ കത്തയച്ചു |

## 4-8. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 52867820 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 52127518 |
| വരവിനങ്ങളിലുള്ള നഷ്ടം | 1268218 |
| ചെലവിനങ്ങളിലുള്ളനഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 21346 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 289000 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| | നഷ്ടമായ തുക | | |
|---|---|---|---|
| ഖണ്ഡിക നമ്പർ | വരവ് നഷ്ടം | ചെലവ് നഷ്ടം | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
| 2-1 | 1241963 | | ശ്രീമതി എം.എം. സുബൈദ,അസിസ്റ്റന്റ് സെക്രട്ടറി (ഇൻ ചാർജ്) |
| 2-2 | 10655 | | ശ്രീമതി അനിമോൾ കെ.,സെക്രട്ടറി ശ്രീമതി എം.എം. സുബൈദ, സെക്രട്ടറി |
| 2-3 | 3450 | | ശ്രീമതി അനിമോൾ കെ.,സെക്രട്ടറി |
| 2-3 | 12150 | | ശ്രീമതി എം.എം. സുബൈദ, സെക്രട്ടറി |
| 3-2 | | 21346 | ശ്രീമതി എം.എം. സുബൈദ, സെക്രട്ടറി |
| ആകെ | 1268218 | 21346 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 89000 | ശ്രീമതി റംലത്ത് ബീഗം സി.എ., ഹെഡ് മിസ്ട്രസ് |
| 3-5 | 200000 | ശ്രീമതി സാലിമ്മ തോമസ്, അസിസ്റ്റന്റ് സെക്രട്ടറി |
| ആകെ | 289000 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| ശ്രീമതി അനിമോൾ കെ.,സെക്രട്ടറി | സെക്രട്ടറി, ഇലഞ്ഞി ഗ്രാമപഞ്ചായത്ത് | ശിവശൈലം ഹൗസ്,പാഴൂർ പി.ഒ, പിറവം, എറണാകുളം |
| ശ്രീമതി എം.എം. സുബൈദ, സെക്രട്ടറി | സെക്രട്ടറി, വാളകം ഗ്രാമപഞ്ചായത്ത് | മണലൊടി പുത്തൻപുര , പുതുപ്പാടി പി.ഒ., എറണാകുളം |
| ശ്രീമതി റംലത്ത് ബീഗം സി.എ., ഹെഡ് മിസ്ട്രസ് | ലഭ്യമാക്കിയില്ല | പള്ളിവാതിൽക്കൽ ഹൗസ്, മൂവാറ്റുപുഴ, എറണാകുളം |
| ഡോ. മഞ്ജുള കെ.എൻ, മെഡിക്കൽ ഓഫീസർ | ഗവ.ഹോമിയോ ഡിസ്പെൻസറി, മഴുവന്നൂർ | തോട്ടുങ്കത്തറയിൽ ഹൗസ്, പൂച്ചാക്കൽ പി.ഒ., ചേർത്തല |
| ശ്രീമതി സാലിമ്മ തോമാസ്, അസിസ്റ്റന്റ് സെക്രട്ടറി | വണ്ണപ്പുറം ഗ്രാമ പഞ്ചായത്ത് | വലിയ പുത്തൻ പുരയിൽ ഹൗസ്, നാഗപ്പുഴ പി.ഒ. |

## 4-9. തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1984-85 | എൽ എഫ് ഇ ഇ(പി 4)938/84 തീയതി .03.4.98 |
| 1988-89 | എൽ എഫ് ഇ ഇ(പി 4)1498/91തീയതി.14.5.91 |
| 1998-99 | എൽ എഫ് ഇ ഇ(പി 5)1185/03തീയതി.5.12.2003 |
| 1999-00 | എൽ എഫ് ഇ ഇ(പി 5)421/05 തീയതി.10.8.2005 |
| 2000-01 | എൽ എഫ് ഇ ഇ(പി 5)717/01 തീയതി.10.10.2001 |
| 2001-02 | എൽ എഫ് ഇ ഇ(പി 5)36/02 തീയതി.5.7.02 |
| 2002-03 | എൽ എഫ് ഇ ഇ(പി 5)830/06 തീയതി.5.3 2007 |
| 2003-04 | എൽ എഫ് ഇ ഇ(പി 5)1457/08 തീയതി.17.03.2009 |
| 2004-05 | എൽ എഫ് ഇ ഇ(പി 5)1457/08 തീയതി.17.03.2009 |
| 2005-06 | എൽ എഫ് ഇ ഇ(പി 5)1456/08 തീയതി.17.03.2009 |
| 2006-07 | എൽ എഫ് ഇ ഇ(പി 5)1730/07 തീയതി.13.12.2007 |
| 2007-08 | എൽ എഫ് ഇ ഇ(പി 5)401/09 തീയതി.14.1.10 |
| 2008-09 | എൽ എഫ് ഇ ഇ(പി 5)594/13 തീയതി.11.6.13 |
| 2009-10 | എൽ എഫ് ഇ ഇ(പി 5)1864/10 തീയതി.3.11.2011 |
| 2010-11 | എൽ എഫ് ഇ ഇ(പി 8)594/13 തീയതി.11.6.13 |
| 2011-12 | എൽ എഫ് ഇ ഇ(പി 8)594/13 തീയതി.11.6.2013 |
| 2012-13 & 2013-14 | എൽ എഫ് ഇ ഇ(പി 8)1761/14 തീയതി.3.3.2015 |
| 2014-15 | കെ.എസ്.എ.ഇ.കെ.എം. (പി 4)1309/16 തീയതി.05.08.2016 |
| 2015-16 | കെ.എസ്.എ.ഇ.കെ.എം. (പി 4) 44/2017 തീയതി 25.1.2017 |

തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകളിലെ തടസ്സങ്ങൾ തീർപ്പാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

.

# അനുബന്ധം - 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്- 682030
ഫോൺ 0484 2422271
email:doekm.ksad@kerala.gov.in

നം.കെ.എസ്.എ.-ഇ കെ എം(പി.14)1908/17

തീയതി – 29.11.2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ വാളകം ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിലെ ഖണ്ഡിക 2-4 -ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വാളകം ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

.

ഡെപ്യൂട്ടി ഡയറക്ടർ

.

No.K.S.A.-EKM(P14) 1908/17

Kerala State Audit Department
District Audit Office, Ernakulam,
Civil Station, Kakkanad -682030
Phone : 0484 2422271,
E-mail : lfadekm@gmail.com
Dated: 29.11.2017

AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Valakom Grama Panchayat in Ernakulam District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of Panchayats.

In my opinion, the Financial Statements of Valakom Gramapanchayat for the year 2016-17 except the observations in para 2-4 of my audit report properly presents the picture of income and expenditure.

.

Deputy Director